മലയാള മനോരമ
ESTABLISHED 1888

**02 January 2021**

# മത്തി എത്തി; ഇപ്പോൾ പിടിക്കേണ്ട, വളരട്ടെ



കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ചെറിയതോതിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ ചെറുമത്തി.

കൊച്ചി● ഏറെക്കാലമായി കേരള തീരങ്ങളിൽ കുറവായിരുന്ന മത്തി കാലാവസ്ഥ അനുകൂലമായതോടെ പ്രത്യക്ഷപ്പെട്ടു തുടങ്ങി. തെക്കൻ കേരളത്തിന്റെ വിവിധ തീരങ്ങളിലാണു ചെറുമത്തി കണ്ടുതുടങ്ങിയത്. ഇവ പിടിക്കുന്നതിൽ കരുതൽ വേണമെന്നു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മുന്നറിയിപ്പു നൽകി.

കഴിഞ്ഞ ദിവസങ്ങളിൽ പിടിക്കപ്പെട്ട 14–16 സെ.മീ. വലുപ്പമുള്ള മത്തി പ്രത്യുൽപാദന ഘട്ടത്തിലെത്തിയിട്ടില്ലെന്നാണു സിഎംഎഫ്ആർഐ ഗവേഷകർ വളർച്ചാപരിശോധനയിൽ കണ്ടത്. മാത്രമല്ല, മുട്ടയിടാൻ പാകമായ വലിയ മത്തി നിലവിൽ കേരള തീരങ്ങളിൽ തീരെ കുറവാണെന്നും പഠനം വ്യക്തമാക്കുന്നു. പ്രതികൂല സാഹചര്യം പരിഗണിച്ച്, ഇപ്പോൾ ലഭ്യമായ മത്തിയെ പിടിക്കാതിരിക്കുന്നതാണ് ഉചിതമെന്ന് സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ. എം.അബ്ദുസമദ് പറഞ്ഞു.

കഴിഞ്ഞ 5 വർഷമായി കേരള തീരങ്ങളിൽ മത്തിയുടെ ക്ഷാമമുണ്ട്. 2017ൽ ലഭ്യത ചെറിയതോതിൽ ഉയർന്നെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ ഗണ്യമായി കുറഞ്ഞു. 2019ൽ മത്തിയുടെ ലഭ്യത കഴിഞ്ഞ 20 വർഷത്തിനിടെയുണ്ടായ ഏറ്റവും താഴ്ന്ന നിലയിലെത്തിയിരുന്നു. വെറും 44,320 ടൺ.

എൽനിനോ പ്രതിഭാസവുമായി ബന്ധപ്പെട്ട കടലിലെ കാലാവസ്ഥാ മാറ്റങ്ങളാണ് ഇതിനു കാരണമെന്നു കണ്ടെത്തിയിരുന്നു. ഇപ്പോൾ കാണുന്ന തരം ചെറു മത്തിയെ പിടിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയാൽ മത്തിയുടെ തിരിച്ചുവരവു വേഗത്തിലാക്കാമെന്ന നിർദേശം ഫിഷറീസ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു.